# ദി കേരളാ സിറാമിക്സ് ലിമിറ്റഡ്
## കുണ്ടറ പി.ഒ, കൊല്ലം
**ഫോൺ 0474–2522248,2526158, ഫാക്സ് 0474–2522344**


റ്റി.ഡി.നം.3/പി.ആന്റ്.എസ്സ്/19–20 22-5-2019

## ടെണ്ടർ ഫോറം

ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി - 06-06-2019

ടെണ്ടർ തുറക്കുന്ന സമയം - 06-06-2019 10 AM

കമ്പനി വക സ്ഥലത്ത് നിൽക്കുന്ന താഴെപ്പറയുന്ന മരങ്ങൾ വില തന്ന് മുറിച്ച് മാറ്റി കൊണ്ടു പോകുന്നതിന് ടെണ്ടർ ക്ഷണിച്ചു കൊള്ളുന്നു. 06–06–2019 രാവിലെ **10** മണിയാണ് ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി. കൂടാതെ അന്നു തന്നെ പരസ്യമായി ലേലം ചെയ്യുന്നതാണ്. അതിനു ശേഷം ലഭിച്ചിട്ടുള്ള ടെണ്ടറുകൾ അന്നു തന്നെ തുറന്നു പരിശോധിക്കുന്നതാണ്. ടെണ്ടർ ഫീസ് 500 രൂപ+ 12% ടാക്സ്.(560/- രൂപ ) നിരതദ്രവ്യമായി 2500/-രുപ അടച്ച രസീതും ടെണ്ടറിന്റെ കൂടെ ഉൾപ്പെടുത്തേണ്ടതാണ്. ടെണ്ടറുകൾ മൊത്തമായോ, ഭാഗികമായോ സ്വീകരിക്കുന്നതിനും, നിരാകരിക്കുന്നതിനുമുള്ള അധികാരം മാനേജുമെന്റിൽ നിക്ഷിപ്തമാണ്.

| ക്രമ നമ്പർ | ഇനം | എണ്ണം | ടെണ്ടർ തുക |
|---|---|---|---|
| 1 | തെങ്ങ് | 3 | |
| 2 | യൂക്കാലിപ്റ്റസ് | 2 | |
| 3 | പൈൻ | 1 | |
| 4 | പ്ളാവ് | 1 | |
| 5 | വട്ടത്താമര | 1 | |

നിബന്ധനകൾ

1. മരം സ്വന്തം ചിലവിൽ മുറിച്ചുമാറ്റി കൊണ്ടുപോകേണ്ടതാണ്.
2. മരം മുറിക്കുന്നതിനാവശ്യമായ ഉപകരണങ്ങളും, ജോലിക്കാരെയും കോൺട്രാക്ടർ തന്നെ കൊണ്ടുവരേണ്ടതാണ്.

3. ലോഡിംഗ്, ട്രാൻപോർട്ടിംഗ് മുതലായ ജോലികൾ കോൺട്രാക്ടർ തന്നെ ചെയ്യേണ്ടതാണ്.

4. മരം മുറിച്ചെടുത്ത് കൊണ്ടുപോകുമ്പോൾ പൊതുഗതാഗതം തടസ്സപ്പെടാതെയും, ആളപായം ഉണ്ടാകാതെയും ഈ ജോലി നിർവ്വഹിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമായിരിക്കും.

6. സമീപത്തുകൂടി ഇലക്ട്രിക് ലൈൻ കടന്നുപോകുന്നതിനാൽ ടി ജോലി ചെയ്യുമ്പോൾ KSEB ആഫീസിൽ അറിയിച്ച് വൈദ്യുതി ബന്ധം വിഛേദിപ്പിക്കേണ്ടതും ജോലി നിർവ്വഹണത്തിനു ശേഷം വൈദ്യുതി ബന്ധം പുനസ്ഥാപിപ്പിക്കേണ്ടതും കരാറുകാരന്റെ ഉത്തരവാദിത്തമാണ്.

7. മരം മുറിച്ചെടുത്ത് കൊണ്ടുപോകുന്നതിനാവശ്യമായ എല്ലാ ചെലവുകളും കരാറുകാരൻ വഹിക്കേണ്ടതാണ്. കുടാതെ ലോഡിംഗ്/അൺലോഡിംഗ് തർക്കങ്ങളുൾപ്പെടെയുള്ള ഒരു തർക്കത്തിലും കമ്പനിക്ക് ബാദ്ധ്യതയുണ്ടായിരിക്കുന്നതല്ല.

8. മരം മുറിച്ചുകഴിഞ്ഞതിനുശേഷം ആ സ്ഥലം വൃത്തിയാക്കിയിരിക്കേണ്ടതാണ്

9. മരം മുറിച്ചുമാറ്റുന്ന ജോലി ആരംഭിക്കുന്നതിന് 48 മണിക്കൂർ മുൻപ് കമ്പനിയെ രേഖാമൂലം അറിയിക്കുകയും. മരം മുറിച്ച് കൊണ്ടുപോകുന്നത് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 8 മണിയ്ക്കും വൈകുന്നേരം 5 മണിയ്ക്കും ഇടയിലായിരിക്കണം. ഈ ജോലി കരാറുകാരൻ നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട് കമ്പനിക്ക് പ്രദേശവാസികളിൽനിന്നും ഗതാഗത തടസ്സം ഉൾപ്പെടെയുള്ള പരാതികൾ ഉണ്ടാകാതിരിക്കാൻ വേണ്ട നടപടി കരാറുകാരന്റെ ഭാഗത്തുനിന്നും ഉണ്ടായിരിക്കേണ്ടതാണ്.

10. ഈ ജോലി ചെയ്യുമ്പോൾ കോൺട്രാക്ടർക്കോ, കോൺട്രാക്ടറുടെ ജീവനക്കാർക്കോ, ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും കോൺട്രാക്ടർ ഉത്തരവാദിയായിരിക്കുന്നതാണ്. കമ്പനിക്ക് ഇതിൽ യാതൊരു ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല. കമ്പനിയുടെ പ്രവർത്തനത്തിനും കമ്പനിവക വസ്തുവകകൾക്കും യാതൊരു തടസ്സവും വരുത്തുവാൻ പാടുള്ളതല്ല.

11. ജോലിചെയ്യുമ്പോൾ കമ്പനിയുടെ സാധനസാമഗ്രികൾക്ക് എന്തെങ്കിലും നഷ്ടമോ കേടുപാടുകളോ സംഭവിയ്ക്കുകയാണെങ്കിൽ കോൺ

ട്രാക്റ്റർ ഉത്തരവാദിയായിരിക്കുന്നതാണ്. ആയത് കോൺട്രാക്റ്ററുടെ ബില്ലിൽ നിന്നും ഈടാക്കുന്നതാണ്.

12. ടെണ്ടറുകൾ പൂർണ്ണമായോ ഭാഗികമായോ പ്രത്യേകിച്ച് കാരണം കൂടാതെ സ്വീകരിക്കാനോ നിരസിക്കാനോ ഉള്ള അവകാശം മാനേജ്മെന്റിൽ നിക്ഷിപ്തമാണ്.

13. ബാധകമായ നികുതികൾ കോൺട്രാക്ടർ അടയ്ക്കേണ്ടതാണ്.

14. ജീവനക്കാരുടെ ESI, PF തുടങ്ങിയ Statutory payments, ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഇവ കോൺട്രാക്ടർ സ്വന്തം ചിലവിലും ഉത്തരവാദത്തത്തിലും നിർവ്വഹിക്കേണ്ടതാണ്.

15. ടെണ്ടർ സമർപ്പിക്കുമ്പോൾ പാൻ രജിസ്ട്രേഷന്റെ കോപ്പികൂടി ഉൾപ്പെടുത്തേണ്ടതാണ്.

ഡെപ്യൂട്ടി മാനേജർ (കൊമേഴ്സ്യൽ)